പുതിയ കുളങ്ങൾ നിർമ്മിക്കുന്നതിനും നിലവിലെ കുളങ്ങളുടെ പുനരുദ്ധാരണത്തിനും ഓരുജലത്തിലെ കൂട്ടുകൃഷിക്കും സമുദ്രജല കൂട്ടുകൃഷിക്കും ധനസഹായം ലഭ്യമാക്കിയിരുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) മാർക്കറ്റുകളുടെ ആധുനികവത്കരണത്തിന് മത്സ്യഫെഡ്, കേരള തീരദേശ വികസന കോർപ്പറേഷൻ എന്നിവ മുഖേന നടപടികൾ സ്വീകരിച്ച് വരുന്നു.

കൊല്ലം ശക്തികുളങ്ങരയിൽ പ്രവർത്തിക്കുന്ന സെൻട്രലൈസ്ഡ് പ്രോസസിംഗ് പ്ലാന്റിൽ മത്സ്യ ഉത്പന്നങ്ങൾ സോളാർ ഡ്രയർ ഉപയോഗിച്ച് ഉണക്കി ആകർഷകമായ പായ്ക്കറ്റുകളിൽ 'ഡ്രിഷ് കേരള' എന്ന പേരിൽ തീരദേശ വികസന കോർപ്പറേഷൻ വഴി വിപണിയിൽ എത്തിച്ചുവരുന്നു.

## തൊഴിൽ നിയമങ്ങൾ നടപ്പിലാക്കാൻ നടപടി

16 (*376) ശ്രീ. സി. കെ. നാണു:
ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. എ. കെ. ശശീന്ദ്രൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ ടെക്നോളജി, ബാങ്കിംഗ്, ഇൻഷ്വറൻസ്, മൈക്രോ ഫിനാൻസ് തുടങ്ങിയ രംഗങ്ങളിൽ തൊഴിൽ നിയമങ്ങൾ കർശനമായി നടപ്പാക്കുന്നുണ്ടോ;

(ബി) ഇതിന് മേൽനോട്ടം വഹിക്കാൻ തൊഴിൽ വകുപ്പിൽ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത് എന്ന് വിശദമാക്കുമോ;

(സി) മേല്പറഞ്ഞ മേഖലകളിൽ നടക്കുന്ന തൊഴിലാളി ചൂഷണവും തൊഴിൽ നിയമങ്ങളുടെ ലംഘനവും പരിഹരിക്കാൻ എന്തൊക്കെയാണ് ചെയ്യാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി.പി. രാമകൃഷ്ണൻ):

(എ) നടപ്പാക്കുന്നുണ്ട്.

(ബി) ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ചുവരുന്നു. 1960-ലെ കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്



LIBRARY ARCHIVES Kerala Legislative Assembly

മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസികൃൂഷനും ഫയൽ ചെയ്യുവരുന്നു. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേക്കുമായി വേതന സുരക്ഷാ പദ്ധതി (WPS) നടപ്പിലാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്.

(സി) സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ തൊഴിൽ സാഹചര്യവും വേതനവും മെച്ചപ്പെടുത്തുന്നതിന് പര്യാപ്തമാക്കുന്ന രീതിയിൽ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശാക്തീകരിക്കുകയും നവീകരിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിയമ ലംഘനങ്ങൾക്കുള്ള പിഴത്തുക വർദ്ധിപ്പിച്ചുകൊണ്ടുള്ള കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിലുള്ള ഭേദഗതി സർക്കാർ പരിഗണനയിലാണ്. മിനിമം വേതന നിയമലംഘനങ്ങൾക്കുള്ള പിഴത്തുക വർദ്ധിപ്പിക്കുന്നതിനും ടി നിയമത്തിലെ സെക്ഷൻ 20(1) പ്രകാരം മിനിമം വേജസ് ക്ലെയിം കേസുകളുടെ അതോറിറ്റിയായി ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ നിയമിക്കുന്നതിനുമുള്ള ഭേദഗതി ബിൽ നിയമസഭ പാസ്സാക്കി ബഹു. പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. തൊഴിൽ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തി മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന് കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ ഗ്രേഡിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നു.

**ആഴക്കടൽ മത്സ്യബന്ധനത്തിന് തൊഴിലാളികൾക്ക് പരിശീലനം**

17 (*377) ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) തൊഴിലാളികളെ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിന് പരിശീലനം നല്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിവരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly